**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5511** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽനിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പുതുക്കിയ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്ന് വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1) വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദയാത്രയ്ക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിശദാംശം വിനോദയാത്ര ആരംഭിക്കുന്ന തീയതിക്ക് മുൻപ് 7 ദിവസത്തിനകം സംസ്ഥാനത്തെ ഏതെങ്കിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുമ്പാകെ സമർപ്പിയ്ക്കേണ്ടതാണ്.<br><br>2) വിനോദ യാത്ര ആരംഭിക്കുന്നതിന് മുമ്പ് 7 ദിവസത്തിനകം വാഹന ഉടമ/വാഹന ഡ്രൈവറുടെ സൗകര്യപ്രകാരം സംസ്ഥാനത്തെ ഏത് ഓഫീസിൽ വേണമെങ്കിലും വാഹനം പരിശോധനയ്ക്കായി ഹാജരാക്കാവുന്നതാണ്.<br><br>3) വാഹന പരിശോധനയ്ക്ക് ശേഷം വാഹനം പരിശോധിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി ഒരു പകർപ്പ് വാഹന ഉടമ/ഡ്രൈവർക്ക് നൽകേണ്ടതും ഓരോ പകർപ്പുകൾ ഓഫീസ് മേധാവിയും വാഹന പരിശോധന നടത്തിയ ഉദ്യോഗസ്ഥനും കൈവശം വയ്ക്കേണ്ടതുമാണ്.<br><br>4) വിനോദയാത്രയ്ക്കായുള്ള വാഹനത്തിന്റെ ഡ്രൈവർ മേൽ റിപ്പോർട്ട് കൈവശം വയ്ക്കേണ്ടതും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.<br><br>5) വിനോദയാത്രയ്ക്കുള്ള ബസ്സിന്റെ പരിശോധനയിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07.07.2022 തീയതിയിലെ ഇ1/121/2022 നമ്പർ കത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. ടി കത്ത് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 6) വാഹന പരിശോധനയിൽ വാഹന ഉടമ/ ഡ്രൈവറെ അനാവശ്യമായി ബുദ്ധിമുട്ടിക്കുവാൻ പാടുള്ളതല്ല.<br><br>7) ഒരു സ്കൂൾ അധികാരിയുടെ അപേക്ഷയിന്മേൽ തയ്യാറാക്കിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസ്തുത സ്കൂളിന്റെ പ്രസ്തുത തീയതിയിലെ വിനോദ യാത്രയ്ക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. |

സെക്ഷൻ ഓഫീസർ

File No.E1/121/2022-TC

I/64311/2022

നമ്പർ.ഇ 1/121/2022-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി,07/07/2022

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
1 ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം
2 ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
3 ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
4 ഡയറക്ടർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - കോളേജ് വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി അനധികൃതമായി രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന :- ബഹു. കേരള ഹൈക്കോടതിയുടെ കേസ് നമ്പർ. SSCR 20/2021- 04.07.2022 തീയതിയിലെ ഉത്തരവ്.

സംസ്ഥാനത്ത് വിവിധ കോളേജുകളിലും മറ്റും പഠിക്കുന്ന വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങളാണ് ബുക്ക് ചെയ്ത് ഉപയോഗിച്ചുവരുന്നത്. എന്നാൽ ചില സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ അനധികൃതമായി രൂപമാറ്റം വരുത്തിയതും ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും അരോചകമായ ശബ്ദം പുറപ്പെടുവിക്കുന്ന 'Audio System' ഘടിപ്പിച്ചതുമായ കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ വിനോദയാത്രയ്ക്കായി തെരഞ്ഞെടുത്ത് ഉപയോഗിച്ചു വരുന്നുണ്ട്. പലപ്പോഴും ഇത്തരം വാഹനങ്ങൾ അപകടത്തിലും പെടുന്നുണ്ട്. ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുകയാണ്. മാത്രമല്ല ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബഹു.ഹൈക്കോടതിയുടെ SSCR No.20/2021 എന്ന കേസിലും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ താങ്കളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി നിയമാനുസൃതം സർവീസ് നടത്തുന്നതും അനാവശ്യ രൂപമാറ്റം വരുത്താത്തതുമായ കോൺട്രാക്ട് കാര്യേജുകൾ മാത്രമെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താനും വിനോദ യാത്രയ്ക്ക് രക്ഷാകർത്താക്കളുടെ അറിവോ സമ്മതമോ അനിവാര്യമാണെന്ന് ഉറപ്പുവരുത്തുവാനും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു.

File No.E1/121/2022-TC

I/64311/2022

മാത്രമല്ല, വിനോദ യാത്ര ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അറിയിക്കുന്നതും ഉചിതമായിരിക്കും എന്ന് അറിയിക്കുന്നു.

Pramoj Sanker P S
Additional Transport Commissioner

പകർപ്പ് :- എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / എൻഫോഴ്സ്മെൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും അറിവിലേക്കായി.